ഉത്തരം

(എ) 1985-ൽ.

(ബി) പ്രസ്തുത പദ്ധതിക്ക് 28-2-2005 വരെ 999.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഹെഡ് വർക്സ്, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നീ ഘടകങ്ങളുടെ ചുമതലയും ചക്കിട്ടപ്പാറ, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര, നൊച്ചാട്, കീഴരിയൂർ, മേപ്പയൂർ എന്നീ പഞ്ചായത്തുകളുടെ വിതരണ ശൃംഖലയുടെ ചുമതലയും വാട്ടർ അതോറിറ്റി പേരാമ്പ്ര സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഉള്ളേരി, മൂടാടി പഞ്ചായത്തുകൾ, കൊയിലാണ്ടി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിതരണ ശൃംഖലയുടെ ചുമതല കൊയിലാണ്ടി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഇതിനുവേണ്ടി പ്രത്യേക സ്റ്റാഫിനെയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ഉള്ളേരി പഞ്ചായത്തിലെ 2, 4, 5, 6, 7, 10 എന്നീ വാർഡുകളിൽ പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉള്ളേരി പഞ്ചായത്തിൽ സ്ഥാപിച്ച ടാങ്കിൽ ഇതുവരെ ജലം എത്തിയിട്ടില്ല. പെരുവണ്ണാമുഴിയിൽ നിന്നും ഉള്ളേരി ടാങ്കിലേക്ക് ശുദ്ധജലം എത്തിക്കേണ്ട എ.സി. പൈപ്പുലൈനിലെ തകരാറ് കാരണമാണ് ജലവിതരണം നടത്താൻ കഴിയാത്തത്. പ്രധാന പൈപ്പ്ലൈനിലെയും വിതരണ ശൃംഖലയിലേയും പ്രധാന തകരാറുകൾ പരിഹരിക്കുന്നതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഒരു ടാങ്ക്.

(എഫ്) 12.50 ലക്ഷം ലിറ്റർ.

(ജി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി 2006 ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ജലവിഭവ വകുപ്പിലെ താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

74 (3283) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ ഇരുപത്തിരണ്ട് വർഷമായി ജോലി ചെയ്തു വരുന്ന താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം എത്ര താല്കാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിൽ 37, ഭൂജല വകുപ്പിൽ 12, വാട്ടർ അതോറിറ്റിയിൽ 27 എന്നീ ക്രമത്തിൽ മൊത്തം 76 താല്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

75 (3284) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ :

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഏതെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്നാണ് ഈ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം 2006 ഫെബ്രുവരി മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇൻടേക്ക്‌വെൽ, രണ്ട് ഭൂതല സംഭരണികൾ, ഒരു ഉന്നതതല സംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ 124 കി.മീ. എന്നിവയുടെ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 31-12-2006-ൽ പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) 1992-ൽ.

LIBRARY ARCHIVES Kerala Legislative Assembly